// CHURCH VOICE
C.S.I. MATEER MEMORIAL CHURCH
Vol. 15 No. 12 Newsletter December 2017



Therefore the Lord Himself will give you a sign: Behold, a virgin will be with child and bear a son, and she will call His name Immanuel.

(Isaiah 7:14 )

# വാർത്തകൾ



CSI M.M.CHURCH SENIOR CITIZENS' DAY CELEBRATIONS ON 24TH SEPTEMBER 2017



Gospel Band Convention Meeting & Medical Camp at Planghotumughal, Malayam Dist.



Young Family Fellowhsip 5th Anniversary

# CHURCH VOICE

15th year of publication

DECEMBER 2017

**CHIEF EDITOR**

Rev. D. Jacob

**EDITOR**

Rev. Rohan P.

**SUB EDITOR**

Mr. Premakumar P. R.



**EDITORIAL BOARD**

Rev. Y. Vijayadas
Rev. N.L. Praveen Raj
Prof. Oliver A. Maison
Er. Lal C.L.
Er. Priya Joy
Mr. Suresh Devarajan
Mr. Binil Winfred
Mrs. Nithya Robinson
Mr. Livingstone Nesaraj D.



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Cover Page Designed by
**Mr. Arad V. M.**

Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
## Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (eve of first Sunday) | 07.00 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

## Members of the Ad hoc Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Prof. Oliver A. Maison (Secretary) | | 9495352829 |
| Er. Lal C.L. (Accountant) | 2336491 | 9447101223 |
| Er. N. Benson | | 9497002145 |
| Adv. Biju Immanuel | | 9895889000 |
| Mr. Binil Winfred | | 9496588473 |
| Mr. Edward John J. | | 9495666455 |
| Smt. Girly Ansalam | | 9446846457 |
| Mr. Hudson K. | | 9446589715 |
| Er. Jose H. Jones | | 9447698652 |
| Dr. Justin Jose | | 9446466368 |
| Er. Priya Joy | | 9645314473 |
| Adv. A. Sagunaraj | 2310016 | 9447657850 |
| Mr. Shajimon K. L. | | 9447239149 |
| Mr. Suresh Devarajan | | 9747311779 |
| **Church Office** | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

To receive e-churchvoice please whatsapp 'church voice' to 9747311779

## From the Editor



# Greetings in the name of our Savior Jesus

## *Wishing all readers a blessed December !*

The spirit of Christmas is in the air. Joyfully we enter into the bliss of this wonderful season, where we affirm and celebrate the coming of the Christ into this world. Carols add color and music adds beauty to this time. Each year, Christmas gives us a set of memories and experiences. In the scriptures regarding the advent and the birth of Jesus, we see a series of moments which limpidly defines the utmost joy and divine intervention. Besides, those are the times, when the anxiety of several got eased and prayers answered. The angel of the Lord strengthens Zechariah "Do not be afraid… for your prayer has been heard" (Luke 1:13). Virgin Mary is being strengthened by the angel "Do not be afraid…you have found favor with God…" (Luke 1:30) and she even doubts how things regarding the birth of Jesus can be, she being a virgin? Joseph was told by an angel of the Lord, "Do not be afraid…" (Matt. 1:20) He also learns the lesson of trusting his beloved in hard times and got the assurance that his son will be called Jesus who will save his people from their sins. The shepherds too were perplexed during the birth of Jesus. The good news to them was also "Do not be afraid… (Luke 2:10) and they were made to deliver the heavenly praise "Glory to God in the highest heaven…" (Luke 2:14) The wise men from the East crossed the boundaries of fear and anxiety. But, at the end, their journeys to see the newborn Christ had offered them a great celebration of rare moments. Christmas gives us an assurance of Emmanuel, "God with us". We are reminded of a God, who is with us in despair, pain, solitude and while we miss our way forward. In every moment of losing our hopes and helps, we should be able to listen to the voice of the Lord, "Do not be afraid". As a church and as a family, we prayerfully and thankfully observe the nearness of our Lord in a blessed way. May this season give us the hope of heaven, which we can experience in real. We are approaching the final moments of an amazing year 2017. When we turn back, how graciously God had led us in the past days. And, I pray, let the mighty hands of the Almighty be our strength and refuge in our coming days. In advance, I wish all the readers a prosperous and a blessed New Year 2018.

*Christmas is a season not only of rejoicing, but of reflection – Winston Churchill*

## From the Presbyter's desk



സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ക്രിസ്മസ് സമാഗതമായി. 'വഴിയമ്പലത്തിൽ അവർക്ക് സ്ഥലമില്ല' എന്നാണ് സുവിശേഷം. ഖലീൽ ജിബ്രാനെ വായിച്ചിട്ടില്ലേ! ആശ്രമ ജീവിതത്തിന്റെ സുരക്ഷിതത്വത്തിൽ നിന്ന് സഭാവസ്ത്രം ഊരിവെച്ച് ഇറങ്ങിപ്പോയവൻ. മുട്ടാത്ത വീടുകളില്ല. ആരും തുറന്നതുമില്ല. മഞ്ഞുകാറ്റേറ്റ് കുഴഞ്ഞുവീഴുമ്പോൾ ഉറക്കെ നിലവിളിച്ചു. കുടിലിൽ പാർത്തിരുന്ന അമ്മയും മകളും ഓടിയെത്തി. രണ്ടുപേരും ചേർന്ന് ജിബ്രാനെ തൂക്കിയെടുത്തു; തങ്ങളുടെ കുടിലിലെത്തി, ശരീരത്തിൽ നിന്ന് മഞ്ഞുമാറ്റി, ചൂടുള്ള സൂപ്പ് ചുണ്ടുകളിലേയ്ക്ക് ഇറ്റിറ്റുവീഴ്ത്തി. കണ്ണു തുറന്നപ്പോൾ ചോദ്യം, "ഞാനെവിടെയാണ്?" "ദരിദ്രരായ ഒരമ്മയുടെയും മകളുടെയും വീട്ടിൽ! ഞങ്ങൾ തുന്നൽപ്പണിക്കാരാണ്" എന്ന് പ്രത്യുത്തരം. ജിബ്രാൻ മൊഴിഞ്ഞു. "ഇത് വീടല്ല, ദൈവാലയമാണ്." വീടുകളും സത്രങ്ങളും കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ യേശുവിന്റെ ഇടം പുൽത്തൊട്ടിയായി. സത്രങ്ങൾ നഷ്ടപ്പെട്ടവരുടെ ഉത്സവമാണ് ക്രിസ്മസ്സ്. അതിനാൽ അവൻ പിന്നീട് തട്ടിട്ട വീടുകളിൽ പാർത്തതായി കാണുന്നില്ല. വഴിയിലായിരിക്കാനുള്ള ക്ഷണമാണ് യേശു സ്വീകരിച്ചത്. അതിനാൽ കൂടാരമില്ലാത്തവരുടെയും കൂടാരം നഷ്ടപ്പെട്ടവരുടെയും തിരുനാൾ നാം ആഘോഷിക്കുന്നു. അഭയാർത്ഥികളോടും നാടും വീടും കൂടും ഇല്ലാത്തവരോടും നഷ്ടപ്പെട്ടവരോടും നമുക്ക് താദാന്മ്യപ്പെടാം.

വഴിയോരവാസിയായവൻ ദർശനസാഫല്യം ആദ്യം നൽകുന്നത് ഇടയന്മാർക്കാണ്. ജീവിതത്തിൽ ചിതറിപ്പോയവർ, തോറ്റുപോയവർ, തോൽപ്പിക്കപ്പെട്ടവർ, ഉപേക്ഷിക്കപ്പെട്ടവർ. വെളിയിൽ പാർത്തവർക്ക് ദർശനസാഫല്യമുണ്ടായി. സർവ്വജനത്തിനുമുള്ള മഹാസന്തോഷം അവർക്ക് ലഭ്യമായി. ഭയം ഇനി വേണ്ട, മരണഭയമല്ല, ജീവിതഭയം. രാത്രിയിൽ പാളയത്തിന് പുറത്ത് പാർക്കുന്നതിന്റെയും അംഗീകാര മില്ലായ്മയുടെയും ഭയം നീങ്ങി. ദൈവത്തെ കണ്ടാൽ മരിക്കുമെന്ന ഭയം മാറ്റപ്പെട്ടു, ഇതാ, ദൈവം നമ്മോടു കൂടെ.

തന്റെ ഏകജാതനെ നൽകി ലോകത്തെ സ്നേഹിച്ച പിതാവിന്റെ വാത്സല്യമാണ് ക്രിസ്മസ്സ്. കണ്ണു ചിമ്മുന്ന നക്ഷത്രവിളക്കിനു താഴെ ഉണ്ണിയേശുവിന്റെ പുഞ്ചിരിക്കുന്ന മുഖം ദൃശ്യമാണ്. അവനോട് മന്ത്രിക്കാം; എന്നെക്കുറിച്ച് എല്ലാം അറിഞ്ഞിട്ടും എന്നെ ഒരുപാട് സ്നേഹിക്കുന്ന ദൈവം.

ഏറ്റവും ഊഷ്മളമായ ക്രിസ്മസ്സ് – പുതുവത്സരാംശസകൾ.

സ്നേഹാദരവുകളോടെ,

**ജേക്കബച്ചൻ**

## സെക്രട്ടറിയുടെ കത്ത്



കർത്താവിൽ പ്രിയരെ,

കാലിനു ദീപവും പാതക്കു പ്രകാശവുമായി ദൈവം നൽകിയ തിരുവചനം പഠിക്കുന്നതിനു മുഖാന്തിരമായ സണ്ടേസ്കൂൾ പ്രസ്ഥാനത്തെ സ്മരിച്ചുകൊണ്ട് അഖിലലോക സണ്ടേസ്കൂൾ ദിനം സമുചിതമായി ആചരിച്ചതാണ് കഴിഞ്ഞ മാസത്തെ ആദ്യത്തെ പ്രധാന പരിപാടി. രാവിലെയും ഉച്ചയ്ക്കുശേഷവും നടക്കുന്ന തിരുവചന പഠനത്തിലൂടെ നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന തിരുവചന വിജ്ഞാനം അവരുടെ അനുദിന ജീവിതത്തിനു വഴികാട്ടിയാണ്. ഈ മഹത്തായ പ്രവർത്തനത്തിൽ അദ്ധ്യാപകരായും സംഘടനാ ഭാരവാഹികളായും പ്രതിഫലംകൂടാതെ പ്രവർത്തിക്കുന്ന ഏവരെയും അനുമോദിക്കുന്നു.

നമ്മുടെ പ്രഥമ പ്രധാന മന്ത്രിയായിരുന്ന ശ്രീ.ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം ശിശുദിനമായി ആചരിക്കുന്നത് അദ്ദേഹത്തിനു കുഞ്ഞുങ്ങളോടുണ്ടായിരുന്ന വാത്സല്യമാണല്ലോ. നവംബർ 19-ാം തീയതി സി.എസ്.ഐ.സഭ പെൺകുഞ്ഞുങ്ങളുടെ ഞായറായി ആചരിച്ചു. കുഞ്ഞുങ്ങൾ പ്രത്യേകിച്ച് പെൺകുഞ്ഞുങ്ങൾ അനുഭവിക്കുന്ന ക്രൂരമായ പീഢനങ്ങളുടെ വേദനിപ്പിക്കുന്ന സന്ദേശം നാം കേൾക്കുന്നു. ഈ സാഹചര്യത്തിലാണ് തിരുവചന അധിഷ്ഠിതമായി സഭ ഈ നീറുന്ന പ്രശ്നത്തെ പഠിക്കുന്നത്.

പഴയനിയമഭാഗമായ 2 രാജാക്കന്മാർ 5.1-5 വരെയുള്ള വചനഭാഗത്ത് ആരാം രാജാവിന്റെ സേനാപതിയായ നയമാന്റെ കുഷ്ഠരോഗം ദൈവീകമായി മാറ്റുന്നതിന് ഇസ്രായേലിലെ പ്രവാചകനു കഴിയുമെന്ന് അറിയിച്ച എബ്രായ അടിമ ബാലികയുടെ പേരു ഒഴിവാക്കിയിരിക്കുന്നു. അത് ആ സമൂഹം പെൺകുഞ്ഞുങ്ങളോടു കാണിച്ചിരുന്ന അവഗണനയെ വ്യക്തമാക്കുന്നു.

ആദിമസഭയും സ്ത്രീത്വത്തെ അംഗീകരിച്ചിരുന്നില്ല എന്നതാണ് ലേഖനഭാഗത്തു നിന്നും വ്യക്തമാകുന്നത്. (അപ്പോ; പ്രവത്തി.12.11-17) തടവിലായിരുന്ന പത്രോസിന്റെ വിമോചനം കഴിഞ്ഞ് പ്രാർത്ഥിച്ചു കൊണ്ടിരുന്ന വിശ്വാസികളോട് പത്രോസ് മോചിതനായി എന്ന അത്ഭുതകരമായ സത്യത്തെ അറിയിച്ച രോദ എന്ന സ്ത്രീയോട് നിനക്കു ഭ്രാന്തുണ്ട് എന്നതായിരുന്നു സഭയുടെ പ്രതികരണം. സത്യമാണെങ്കിൽ പോലും സ്ത്രീ പറഞ്ഞാൽ അതിനെ ഭ്രാന്തായി കരുതുന്ന സമൂഹം!

ഈ പശ്ചാത്തലത്തിലാണ് യേശുകർത്താവിന്റെ പെൺകുഞ്ഞുങ്ങളോടുള്ള കരുതലിന്റെ മഹത്വം വിലയിരുത്തപ്പെടേണ്ടത്. മാർക്കോസ് 5. 22–43. പള്ളിപ്രമാണിയായ യായിറോസ് വന്നു തന്റെ മകളുടെ സൗഖ്യത്തിനായി അപേക്ഷിക്കുമ്പോൾ ഒരു തടസ്സവും പറയാതെ യേശു ആ പെൺകുഞ്ഞിനെ സൗഖ്യമാക്കാൻ നടന്നുപോയി. കുഞ്ഞു മരിച്ചുപോയി ഗുരുവിനെ അസഹ്യപ്പെടുത്തേണ്ട എന്ന യായിറോസിന്റെ ഭവനത്തിൽ നിന്നുള്ള സന്ദേശം അവഗണിച്ചുകൊണ്ട് യേശു യാത്ര തുടർന്നു. മരിച്ചു കിടന്ന ബാലികയുടെ കരം പിടിച്ചുകൊണ്ട് ബാലേ എഴുന്നേൽക്ക എന്ന അർത്ഥത്തിൽ 'തലീഥ കുമ്മി' എന്നു പറഞ്ഞത് ഇന്നു പെൺകുട്ടികളുടെ അവകാശസംരക്ഷണത്തിനായുള്ള ആഹ്വാനമായി മുഴങ്ങുന്നു.

ഇന്നു സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന നീറുന്ന പ്രശ്നങ്ങൾക്കു ഉത്തമ പരിഹാരം യേശുവിന്റെ ദർശനങ്ങളാണെന്നു മേൽ ഉദ്ധരിച്ച വസ്തുതകളിൽ നിന്നും വ്യക്തമാണ്.

നമ്മുടെ വ്യക്തിപരവും, കുടുംബപരവും, സഭാപരവും, സാമൂഹികവുമായ പ്രശ്നങ്ങളെ തിരുവചനം നൽകുന്ന ദിവ്യമായ ദർശനങ്ങളിലൂടെ പരിഹരിക്കാൻ ശ്രമിക്കണം. അപ്പോൾ സ്വർഗ്ഗീയമായ സന്തോഷവും, സമാധാനവും കൈവരിക്കാൻ സാധിക്കും. അത്തരം ആത്മീയ കാഴ്ചപ്പാട് നമ്മുടെ ജീവിതത്തിലുണ്ടാകാൻ ദൈവം കൃപ ചെയ്യട്ടെ.

സ്നേഹത്തോടെ,
**പ്രൊഫ. ഒളിവർ എ. മെയ്സൻ**
സെക്രട്ടറി

## ചിന്തിക്കാം

ചിരി മനുഷ്യനു ദൈവം നൽകിയ ദാനം. ഇന്നു ചിരിക്ക് എന്തു സംഭവിച്ചു? ചിരി നമ്മളിൽ നിന്ന് അന്യം നിൽക്കുന്നതു എന്തുകൊണ്ട്? ചിരിച്ചാൽ ചെറുതായി പോകും എന്ന തോന്നലാണോ? അതോ ചിരി ഒരു ബാദ്ധ്യതയാകും എന്ന ഭയമാണോ? നഷ്ടപ്പെട്ടുപോയ ചിരിയെ നമുക്ക് വീണ്ടെടുക്കാം.

**പ്രൊഫ. ഒളിവർ എ. മെയ്സൻ**

Telephone : 0471-2318662
Fax : 0091-0471-2316439
E-mail: bishoprasalam@yahoo.com

CHURCH OF SOUTH INDIA
South Kerala Diocese (S.I.U.C)

Office of the Bishop

L.M.S. Compound
Thiruvananthapuram - 695 033
INDIA

Rt. Rev. A. DHARMARAJ RASALAM
*Bishop*

## ബിഷപ്പിന്റെ കത്ത്

കർത്താവിൽ പ്രീയരെ,

1947 സെപ്റ്റംബർ 27നാണ് സി.എസ്. ഐ. ദക്ഷിണേന്ത്യാ സഭ ഒരു ഐക്യ സഭയായി രൂപപ്പെട്ടത്. ഏക വിശുദ്ധ കാതോലിക അപ്പോസ്തലിക സഭയുടെ ഭാഗമാണെന്നും ദൈവത്തിന്റെ ദാനമാണ് സി.എസ്.ഐ സഭയെന്നും വിശ്വസിക്കുന്നു. മഹത്തായ സമാധാനത്തിനും അർത്ഥവത്തായ കൂട്ടായ്മയ്ക്കും സഹായകമാകുന്ന ഒരു വിശ്വാസ സമൂഹമാണ് എം.എം.ചർച്ച്.

സഭയിൽ വിഭാഗീയതയ്ക്ക് സ്ഥാനമില്ല. എന്നാൽ സഭയെ ഒരുമിപ്പിക്കുന്ന ക്രിസ്തുവിന്റെ ക്രൂശിലൂടെയുള്ള ശുശ്രൂഷയാണ്. സഭയിൽ ഇണക്കത്തിന്റെ പുതിയ ഇടങ്ങൾ തേടുകയാണ് വേണ്ടത്. വിഭജനത്തിനും വിഭാഗീയതയ്ക്കും അതീതമായി എം.എം. ചർച്ചിൽ ഐക്യതയുടെയും സ്നേഹബന്ധത്തിന്റെയും സമഭാവനകളാണ് പരിപോഷിപ്പിക്കപ്പെടേണ്ടതെന്ന് ബിഷപ്പെന്ന നിലയിൽ ഞാനാഗ്രഹിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങൾ കണ്ടു വളരുന്ന പുത്തൻ തലമുറയ്ക്ക് ക്രൈസ്തവ മൂല്യങ്ങളാണ് നാം പകർന്നു കൊടുക്കേണ്ടത്. ക്രിസ്തീയ മാർഗ്ഗക്കാരായ നമ്മുടെ പെരുമാറ്റവും സ്വഭാവവും ക്രിസ്തീയ മാർഗ്ഗത്തിന് അനുയോജ്യമാകണം. ദൈവഭയത്തിൽ അന്യോന്യം കീഴ്പ്പെട്ട് ദൈവകൃപയിൽ പരസ്പരം അംഗീകരിച്ച് വളരാനും ആരാധനസമൂഹമെന്ന നിലയിൽ ആത്മ സന്തോഷത്തിനും സമാധാനത്തിനും അപ്പുറം ആരാധനയുടെ ആഹ്ളാദം പങ്കിടേണ്ടവരുമാണെന്ന വസ്തുത എപ്പോഴും ഓർക്കണം.

സഭയുടെ അന്തസിനും അഭിമാനത്തിനും നിരക്കാത്തതും ദക്ഷിണേന്ത്യാ സഭയുടെ ഭരണഘടനയ്ക്ക് വിരുദ്ധമായും പ്രവർത്തിക്കുന്നത് പ്രോത്സാഹജനകമല്ല. സഭാ നേതൃത്വത്തെ അംഗീകരിക്കാതിരിക്കുന്നതും ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണാ ജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നതും സ്വീകാര്യമല്ല. ഇപ്രകാരമുള്ള പ്രവർത്തനങ്ങളിൽ ആരെങ്കിലും ഏർപ്പെടുന്നുവെങ്കിൽ അതിൽ നിന്ന് പിൻതിരിയാൻ സ്നേഹത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമങ്ങൾ സഭയുടെ ക്ഷേമത്തിനും വളർച്ചയ്ക്കുമുള്ളതാണ്. സഭയുടെ വളർച്ചയ്ക്കും ദൈവജനത്തിന്റെ ഉന്നമനത്തിനും ഉതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുവാൻ കാലാകാലങ്ങളിൽ സഭയ്ക്ക് നേതൃത്വം കൊടുക്കുന്ന എല്ലാവരുടെയും ഉത്തരവാദിത്വമാണ്. വിശ്വാസികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ സഭയുടെ കടമയാണ്. അച്ചടക്കമുള്ള ദൈവജനമെന്ന നിലയിൽ നിയമലംഘനമല്ല അതിന്റെ പരിപോഷണമാണ് വേണ്ടത്. നിയമലംഘനം ഉണ്ടായാൽ അത് എത്രയും വേഗം പരിഹരിക്കേണ്ടതും ദൈവാലയത്തിന്റെ പരിപാവനത കാത്തു സൂക്ഷിക്കേണ്ടതും ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്വമാണ്. ഏതെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം ഭരണഘടനപ്രകാരമുള്ള പരിഹാരമാർഗ്ഗം തേടുകയാണ് വേണ്ടത്. ദൈവം ക്രിസ്തുവിലൂടെ ദാനമായി നൽകിയ ശാന്തിയും സമാധാനവും ഈ സഭയിലെ ഓരോ ഭവനങ്ങളിലും, സഭയിലും ആരാധനയിലും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ക്രിസ്തുമസ് നവവത്സര ആശംസകളോടെ

കർത്താവിൽ നിങ്ങളുടെ ബിഷപ്പ്,

റൈറ്റ്.റവ.എ. ധർമ്മരാജ് റസാലം

25/11/2017
ബിഷപ്സ് ഹൗസ്

കുറിപ്പ് : പൊതു ആരാധനയിൽ വായിക്കേണ്ടതാണ്,

# നാം എന്തുകൊണ്ട് പ്രാർത്ഥിക്കുന്നു



അജി വിനോദ് റോയി സി.റ്റി.

മഹത്തായ ഒരു അനുഭവമാണ് ശരിയായ പ്രാർത്ഥന. ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് പ്രാർത്ഥന നമ്മെ സഹായിക്കുന്നു. പ്രാർത്ഥനയ്ക്ക് ഹൃദയശുദ്ധി അത്യന്താപേക്ഷിതമാണ്. നാം എന്തുകൊണ്ട് പ്രാർത്ഥിക്കണം?

1. **പരീക്ഷയിൽ അകപ്പെടാതിരിക്കാൻ**

യേശു തന്റെ പിതാവിനോട് പ്രാർത്ഥിപ്പാൻ ഒലിവുമലയിലേയ്ക്ക് പോയപ്പോൾ തന്റെ ശിഷ്യന്മാരോട് നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ (ലൂക്കോസ് 22:40) എന്ന് പറഞ്ഞു. യേശുവിനെ പരീക്ഷിപ്പാൻ പരീക്ഷകൻ വന്നപ്പോൾ ആ പരീക്ഷകളെല്ലാം യേശുവിന് വചനം കൊണ്ട് നേരിടാൻ കഴിഞ്ഞത് 40 രാവും 40 പകലും ഉപവസിച്ചതുകൊണ്ടാണ്. യേശുക്രിസ്തുവിന്റെ പ്രാർത്ഥനാജീവിതം നമുക്ക് ഉത്തമമാതൃകയാണ്. യോഹന്നാൻ സ്നാപകൻ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ തങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കണമെന്ന് ശിഷ്യന്മാർ യേശുവിനോട് ആവശ്യപ്പെട്ടു. ഇവിടെ കർത്താവ് പഠിപ്പിക്കുന്ന പ്രാർത്ഥന (മത്തായി 6:9-15) വരെയുള്ള വാക്യങ്ങളിൽ നമുക്ക് കാണാൻ കഴിയും. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്ന് ഞങ്ങളെ വിടുവിക്കേണമേ (മത്തായി 6:13)

2. **വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ**

നാമെല്ലാവരും ദൈവത്തിൽ വിശ്വസിക്കുന്നു. അതുകൊണ്ടാണ് പ്രാർത്ഥനയിലും വിശ്വസിക്കുന്നത്. സർവ്വ വ്യാപിയായ ആ മഹാശക്തിയെ അറിയുവാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് പ്രാർത്ഥന. പ്രാർത്ഥനയുടെ ആവശ്യം അതാണ്. സാത്താൻ നിങ്ങളെ ഗോതമ്പു പോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചുവെന്ന് ശീമോൻ പത്രോസിനോട് യേശു പറഞ്ഞു. എന്നാൽ അവന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ കർത്താവ് അവനു വേണ്ടി അപേക്ഷിച്ചു എന്ന് (ലൂക്കോസ് 22:31,32) വാക്യങ്ങളിൽ കാണാൻ കഴിയും. അത്തിവൃക്ഷത്തിന്റെ ഇലകൾ ഉണങ്ങിപ്പോയത് ശിഷ്യന്മാർ കണ്ടപ്പോൾ അവർ അമ്പരന്നുപോയി. അപ്പോൾ യേശു അവരോട് പറഞ്ഞു. നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവരായാൽ ഈ അത്തിയോട് ചെയ്തതു നിങ്ങളും ചെയ്യും. എന്ന് (മത്തായി 21:18-21). പ്രാർത്ഥിക്കുമ്പോൾ

നാം സംശയിക്കാതെ നമ്മുടെ അപേക്ഷകളും ആവശ്യങ്ങളും ദൈവത്തോട് പറയുക. സംശയിക്കുമ്പോഴാണ് പ്രാർത്ഥനയിലുള്ള നമ്മുടെ വിശ്വാസം പൊയ്പോകുന്നത്. യേശു പറഞ്ഞു. നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥന യിൽ എന്ത് യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും. യാചിപ്പിൻ. എന്നാൽ നിങ്ങൾക്ക് കിട്ടും.

3. **വിശ്വാസ ജീവിതത്തിൽ പുതിയ ശക്തി ലഭിക്കുന്നതിനു വേണ്ടി**

പൗലോസും ശീലാസും ചങ്ങലയാൽ ബന്ധിക്കപ്പെട്ടു, കാരാഗൃഹ ത്തിലായിരുന്നു. കാരാഗൃഹപ്രമാണിയോട് അവരെ വളരെ സൂക്ഷ്മതയോടെ കാക്കുവാൻ കൽപ്പിച്ചു. എന്നാൽ, അർദ്ധരാത്രിക്കു പൗലോസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു എന്ന് (അപ്പോ. പ്രവൃ. 16:25)-ൽ നമുക്ക് കാണാൻ കഴിയും. പ്രാർത്ഥനയാണ് വിഷമം പിടിച്ച ഘട്ടങ്ങളിലെല്ലാം നമുക്ക് പുതിയ ശക്തി നൽകുകയും പുതിയ മാർഗ്ഗങ്ങൾ കാണിച്ചുതരികയും ചെയ്യുന്നത്. പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാത്രമേ നമുക്ക് പൗലോസിനേയും ശീലാസിനെയും പോലെ പ്രാർത്ഥിക്കാൻ കഴിയുകയുള്ളു.

നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവം മറുപടി നൽകുന്നത് അവ ശരിയായതു കൊണ്ടല്ല. ദൈവം നല്ലവനും കരുണയുള്ളവനുമായതു കൊണ്ടാണ്. നമ്മൾ വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ പൗലോസിന് വാഗ്ദത്തം ചെയ്ത കൃപ നമുക്കും ലഭിക്കും. ☺

## അറിയിപ്പ്

ക്രിസ്തുമസ് ആഘോഷങ്ങളുമായി ബന്ധപ്പെട്ട് എം.എം. ചർച്ചിൽ നിന്നും സാധുക്കൾക്ക് നൽകാറുള്ള ക്രിസ്തുമസ് കിറ്റിനുള്ള അപേക്ഷ 6-12-2017 വൈകിട്ട് 5 മണിക്ക് മുൻപായി കൺവീനറെയോ, ചർച്ച് ഓഫീസിലോ ഏല്പിക്കേണ്ടതാണ്.

അർഹരായവരുടെ ലിസ്റ്റിലുള്ളവർ 16-12-2017-ന് വൈകിട്ട് 3-നും 5-നും ഇടയിൽ നേരിട്ട് വന്ന് കിറ്റ് കൈപ്പറ്റേണ്ടതാണ്.

കൺവീനർ,
**അഡ്വ. ബിജു ഇമ്മാനുവൽ**

**Crossed Jordan to be with the Lord**

Mr. Selvamony M, Fno.1403 14-11-2017



# ISSU COONOOR 1957

**Ms. Matty Vilasini White**

A cheerful person – Ever smiling person left us to eternity, former Bishop Rt. Rev. Dr. Samuel Amirtham on 26-9-2017.

My brother Austin Mcdonald White passed away on 22-9-2017. I called Lilly on 22-9-2017 and informed about my brother's demise. She felt very much and told me "Acca, here the condition is very bad and I can't move away a minute and I have asked my children who are abroad, to start immediately. Otherwise I would have come to see Annan Austin"

My mother's first cousin Siromoni's Annan – father of Rev. D. Sahayadas – Lilly's father. I was not able to see the body when brought to M.M.Church, Trivandrum – only 4 days past the demise of my brother. Lilly also told me that I might not be able to face the crowd, and so I stayed back.

I wish to say that Mr. Samuel Amritham before ordination, attended the Sunday School Training at Coonoor for twenty days in 1957. I being a Sunday School Teacher at the M.M.Church, got admission at the I.S.S.U. (Indian Sunday School Union) training for twenty days.

One day before starting to Coonoor a person came to our home and enquired about me and said whether I can speak to Matty. I told that I am Matty. So he told me that he heard that -I am selected for the training and wanted to ask me when I am leaving for Coonoor. I told him that one person from Quilon and another from Kottarakara will join me. He left saying that he will also join with us. The same day by evening he came and told me that he will not come with us for the Bishop wanted him here that day, and that he would reach Coonoor the next day.

We reached Coonoor and the training was lead by Mr. V. M. Koshy, Miss. Taylor, and 5 others. Every morning, classes were conducted from 8 a.m. to 1 p.m., followed by lunch. By 2.30 p.m.

another session starts, and it ends by 4 p.m. The rest of time will be utilized for sightseeing; but before 6 p.m. we will return. Twenty days' study. By 8 p.m., dinner and then a get-together with the students.The old and the young will sing and do some action to enjoy. As he told me, Mr. Samuel Amritham reached the next day.

After training at Coonoor all returned home. One day Mr.Samuel Amritham came to invite me for his ordination. I attended the function. Then Rev. Samuel Amritham came to invite me for his wedding. My mother went because of Lilly's relationship. Then Rev. Samuel Amritham became a mighty person and became 'Bishop Rt.Rev.Dr.Samuel Amritham'.

God is great and He can see His Children's future. May his Soul rest in Peace



# ഗോസ്പൽ ബാന്റ് കൺവെൻഷൻ പ്ലാങ്കോട്ടുമുഗൾ

ദൈവകൃപയാൽ ഗോസ്പൽ ബാന്റിന്റെ നേതൃത്വത്തിലുള്ള കൺവെൻഷൻ മലയം ഡിസ്ട്രിക്റ്റിൽപെട്ട പ്ലാങ്കോട്ടുമുഗൾ സഭയിൽ വച്ച് 2017 ഒക്ടോബർ മാസം 27 മുതൽ 29 വരെ നടത്തപ്പെടുകയുണ്ടായി.

പ്രാരംഭ ദിവസം റവ. ജേക്കബ് വചനശുശ്രൂഷയോടുകൂടി ആരംഭിച്ച യോഗത്തിന്റെ തുടർന്നുള്ള ദിവസങ്ങളിൽ നമ്മുടെ സഭയിലെ അച്ചൻമാർ നേതൃത്വം നൽകുകയും ഗോസ്പൽ ബാന്റ് അംഗങ്ങൾ വചനശുശ്രൂഷ നടത്തുകയും ഗാനങ്ങൾ ആലപിക്കുകയുമുണ്ടായി. അക്രൈസ്തവരായ ജനങ്ങൾക്കും പ്രയോജനമുള്ള രീതിയിൽ ക്രമീകരിക്കപ്പെട്ട യോഗങ്ങളുടെ അവസാനദിവസമായ ഞായറാഴ്ച നടത്തപ്പെട്ട മെഡിക്കൽ ക്യാമ്പിൽ നമ്മുടെ സഭയിലെ 5 ഡോക്ടർമാരുടെ വിലപ്പെട്ട സേവനം ലഭിക്കുകയുണ്ടായി. സ്ഥലം എം.എൽ.എ. ശ്രീ. ആർ. സതീഷ്കുമാറും ക്യാമ്പിൽ പങ്കെടുത്തു. 125 ഓളം രോഗികൾക്ക് ചികിത്സ ലഭ്യമായി. അക്രൈസ്തവരായി കടന്നു വന്ന രോഗികൾക്ക് പുതിയ നിയമം വിതരണം ചെയ്യാൻ സാധിച്ചു. ഈ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ സഭാ ശുശ്രൂഷകരോടും പങ്കെടുത്ത എല്ലാ അംഗങ്ങളോടും ഡോക്ടർമാരോടും, പാരാമെഡിക്കൽ ജീവനക്കാരോടും നന്ദിയും സ്നേഹവും അറിയിക്കുന്നു. തലമുറകളായി എല്ലാ അനുഗ്രഹങ്ങളും ലഭ്യമായി തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**എൻ. ബെൻസൺ**
സെക്രട്ടറി, ഗോസ്പൽ ബാന്റ്

**3**

## വാഗ്ദത്തങ്ങൾ/നിബന്ധനകൾ

(തിരുവചനത്തിൽ അനേകം വാഗ്ദത്തങ്ങൾ ദൈവം നമുക്ക് നല്കിയിട്ടു്. എന്നാൽ അവ അവകാശമാക്കുവാൻ അവയോടൊപ്പം വച്ചിട്ടുള്ള നിബന്ധനകൾ കൂടി നാം പാലിക്കേ തു്. ചില പ്രധാനപ്പെട്ട വാഗ്ദത്തങ്ങൾ ശ്രദ്ധിക്കൂ)

**വാഗ്ദത്തം:**

"സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും" (ഫിലി. 4:7)

**നിബന്ധന:**

"ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേ ത്" (ഫിലി. 4:6).

നിബന്ധന പറഞ്ഞ ശേഷമാണ് വാഗ്ദത്തം നല്കിയിരിക്കുന്നത്. സഭാശുശ്രൂഷകൻ ആശീർവാദം നല്കുമ്പോൾ ഈ വചനം ആശ്വാസത്തോടെ നാം കേൾക്കുന്നു. എന്നാൽ മാനുഷിക ബുദ്ധിക്ക് അതീതമായ ഈ ദൈവ സമാധാനം അനുഭവിക്കണമെങ്കിൽ വിചാരപ്പെടാതിരിക്കുകയും, നമ്മുടെ പ്രശ്നങ്ങൾ സ്തോത്രത്തോടെ ദൈവസന്നിധിയിൽ സമർപ്പിക്കയും ചെയ്യേ തു ്.

*ഡി.എൽ.എൻ.*


**In ever loving memory of**



**N. Yohannan** **Chellamma Yohannan**

Called to Eternal Rest on

August 5, 2006 December 31, 2002

*.The steadfast love of the Lord never ceases;*
*His mercies never come to an end" Lamentations 3:22*

**By Children and Grandchildren**

# CSI MATEER MEMORIAL CHURCH

# Noel Fiesta 2017

A festival of happy harvest and abundant thanksgiving

Saturday,
9th December 2017
8.30 am onwards
& Sunday,
10th December 2017
10.00 am onwards

CAPTURE THE JOY, FUN & THRILL OF FELLOWSHIP

## GLIMPSES OF YESTERYEARS
## M M CHURCH HARVEST FESTIVAL AND FANCY SALE

**1910:**
"Ingathering Service Sale" the first harvest festival in our church history, similar to present day harvest festival and fancy sales, was held on October 1, 1910.

**1917:**
YMCES conducted a sale on October 15, 1917, at Mission L.G.E. School. They raised funds for Thycaud School. The term "Fancy Sale" was introduced for the first time.

**1918:**
On December 26, 1918, the committee decided to conduct an "annual sale of work", i.e. an annual Fancy Sale, from the year 1919. Three men and four women were appointed as members. The raised funds were to be spent for the expansion of the evangelistic activities of the church. This year saw the beginning of regular annual fancy sale and Harvest Festival.

**1961:**
The Fancy Sale was conducted on December 16, 1961. The committee consisted of two secretaries and 30 members.

**1982:**
The fancy sale was conducted on December 11, 1982. Lunch coupons were introduced for the first time. The raised funds were used for the construction of Platinum Jubilee Memorial Church, Nemom.

**1986:**
The funds were used to support a missionary.

**1987:**
The Fancy Sale took place on December 12, 1987. Lucky dip was organized for the first time, (though it was first suggested, and rejected, back in 1924).

**1994:**
The funds raised were reserved for constructing Family Vault.

**2002:**
The Fancy Sale was held on December 14, 2002. The funds were reserved for TJM Hall expansion project and church campus beautification.

**2004:**
The Fancy Sale was conducted on December 11, 2004. A real-time computerized accounting system was introduced for the first time. The funds raised were set aside for the various projects of the centenary celebrations.

**2012:**
A contest was conducted for a new name for Harvest Festival and Fancy Sale.
"Noel Fiesta" was selected from 22 entries.
Live streaming and online bidding was introduced for the first time.
Live stream video is now available at https://www.youtube.com/watch?v=7QvT1O3to-Y



# Noel Fiesta

**A festival of happy harvest and abundant thanksgiving**

Saturday, 9th December 2017 8.30 am onwards &
Sunday, 10th December 2017 10.00 am onwards

Deuteronomy 26:10 -And now, behold, I have brought the firstfruits of the land, which thou, O LORD, hast given me. And thou shalt set it before the LORD thy God, and worship before the LORD thy God:

2 Corinthians 9:6 - Remember this: Whoever sows sparingly will also reap sparingly, and whoever sows generously will also reap generously.

*Greetings in the matchless name of our Lord and Saviour Jesus Christ!*

**There is no better exercise for the heart than reaching down and lifting people up.**

**Noel Fiesta 2017 gives us the opportunity to share the prosperity and joy given to us by our Lord.**

**We are happy to inform you that this year's Harvest festival – Noel Fiesta 2017 is proposed to be celebrated on 9th and 10th December 2017.**

**The entire proceeds of this year's Harvest Festival will be fully utilized for Medical Aid (Treatment and follow up of Cancer, Heart disease, Kidney disease, Stroke, Arthritis, etc.) of the economically weaker sections of the society.**

**Er.J.L. Shaw Sumanam, Managing Director, Sumanam Engineering Services P Ltd has kindly consented to inaugurate the Sale, and initiate the first bid.**

**We appeal to each individual and sub organisations of the Church to work together with one mind so as to make this year's harvest festival a success, and we pray that in the process we bring honour and glory to His name.**

Organising Committee
Noel Fiesta 2017

## ORGANISING COMMITTEE

**Jt.Convenors :**
Mr. Aji Vinodh Roy | Mr. Alen J Thomas |
Mr. Aneesh Kumar | Mrs. Angelina Joshua | Er.Anil Wilson David
Dr. Chandini Sam S P | Mrs.Grace Ammal V
Er. Joshua Jayaseelan | Er. Joy H Jones | Mrs. Perlin
Mr. Pradeep Ghosh | Mr. Rajiv A Livingstone
Mr. Saji Kumar Johnson | Er. Sally | Mrs. Santhi Nizzi Sunil
Mrs. Sophy Henselena

**Convenors:**
Adv. Biju Immanuel | Mr. Edward John A.
Dr. Justin Jose | Mr.Shajimon K.L

**General Convenor**
Dr. Sindhuja Suresh

**Accountant & Convenor**
Er.C. L. Lal

**Secretary**
Prof. Oliver A. Maison

**Presbyters**
Rev. Rohan P.
Rev. N. L. Praveen Raj
Rev. Y. Vijayadas

**President & Presbyter in Charge**
Rev. D. Jacob

Noel Fiesta 2017

# Noel Fiesta 2017

A festival of happy harvest and abundant thanksgiving

Saturday,
**9th December 2017**
8.30 am onwards
& Sunday,
**10th December 2017**
10.00 am onwards

Family No. .................... Name ..........................................................................

Address ..........................................................................................................

..........................................................................................................

..............................................Ph..................................................

| Sl. No. | Description of Articles | Quantity |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

**Cash** in ₹..........................................................................................only.

Cheque/DD favouring:
**MM CHURCH SPECIAL FUND**
SBI Nanthencode Branch

**A/C No.: 10347395998**
IFS Code : SBIN0007898

(Please collect cash receipt)


Auction
Biriyani
Akkani and Nonku
Stalls
Cakes & Pastries
Ice Cream
Food Court
Live Chicken Fry
Fellowship Breakfast
Pudding
Kappa & Fish Curry
Cutlets & Sandwiches
Cool Bar


Noel Fiesta
9.12.2017
WhatsApp Bidding.....

# പ്രതിവാര ധ്യാനം

**ഡിസംബർ 3 ഞായർ – ആഗമനത്തിന്റെ ഒന്നാം ഞായർ**
**ക്രിസ്ത്വാഗമനത്തിന്റെ ആനന്ദപൂരിതമായ പ്രതീക്ഷ**

| | | |
|---|---|---|
| പഴയനിയമം | : | യിരെ: 33:10–16 |
| സങ്കീർത്തനം | : | 68:11–20 |
| ലേഖനം | : | 1 തെസ്സ. 3:6–13 |
| സുവിശേഷം | : | ലൂക്കൊ. 1:39–45 |

**ഡിസംബർ 10 – ആഗമനത്തിന്റെ രണ്ടാം ഞായർ**
**(വേദപുസ്തക ഞായർ) പാതയ്ക്ക് പ്രകാശം**

| | | |
|---|---|---|
| പഴയനിയമം | : | യെശ. 55:6–13 |
| സങ്കീർത്തനം | : | 119:105–112 |
| ലേഖനം | : | ഗലാ. 1:11–17 |
| സുവിശേഷം | : | ലൂക്കൊ. 1:67–80 |

**ഡിസംബർ 17 – ആഗമനത്തിന്റെ മൂന്നാം ഞായർ**
**രക്ഷയുടെ പ്രത്യാശ**

| | | |
|---|---|---|
| പഴയനിയമം | : | സെഫ. 3:14–20 |
| സങ്കീർത്തനം | : | 43 |
| ലേഖനം | : | 2 പത്രൊ. 3:8–13 |
| സുവിശേഷം | : | മർക്കൊ. 1:18–23 |

**ഡിസംബർ 24 ഞായർ – ആഗനമത്തിന്റെ നാലാം ഞായർ**
**ആനന്ദിക്കുക, കർത്താവ് സമീപസ്ഥൻ**

| | | |
|---|---|---|
| പഴയനിയമം | : | സെഖ. 2:6–13 |
| സങ്കീർത്തനം | : | 50:1–15 |
| ലേഖനം | : | 1 തെസ്സ. 5:12–24 |
| സുവിശേഷം | : | യോഹ. 16:16–24 |

**ഡിസംബർ 25 തിങ്കൾ – ക്രിസ്തുമസ്**
**സമാധാനപ്രഭുവിനായി ഇടം കണ്ടെത്തൽ**

| | | |
|---|---|---|
| പഴയനിയമം | : | യെശ. 9:2–7 |
| സങ്കീർത്തനം | : | 85:8–13 |
| ലേഖനം | : | എഫെ. 1:3–14 |
| സുവിശേഷം | : | ലൂക്കൊ. 2:1–14 |

**ഡിസംബർ 31 ഞായർ – ക്രിസ്തുമസിനു ശേഷം ഒന്നാം ഞായർ**
**കുടുംബ ഞായർ: ദൈവത്തിന്റെ സമ്മാനമായ കുടുംബം**

| | | |
|---|---|---|
| പഴയനിയമം | : | യോശു. 24:14–22 |
| സങ്കീർത്തനം | : | 128 |
| ലേഖനം | : | എഫെ. 3:14–21 |
| സുവിശേഷം | : | മർക്കൊ. 3:31–35 |

Traditional X'mas Carol
Albert Livingstone

# Softly the Night is Sleeping

## ശാന്തമാം നിശബ്ദരാത്രിയിൽ





# TIDINGS OF GREAT JOY

D. L. Nesaraj

*"Fear not: for, behold, I bring you good tidings of great joy, which shall be to all people"(Luke 2:10).*

The shepherds who heard this strange announcement and witnessed the awesome sight of the celestial being along with the heavenly army, were far from being joyous. In fact, they were frightened and dumbfounded. The angelic army was also not rejoicing; they were only praising God! When the vision was over, the shepherds were anxious to make sure that what they heard was real, and not a dream. So, they hurried to Bethlehem. Not because of joy, but because of curiosity. Having found for themselves what has happened, they went back, 'glorifying and praising God'; not rejoicing merrily. Then where was the "GREAT JOY" which the angel announced?

The Christmas experience was one of pain and shame for Mary, who had to conceive before marriage, and faced difficulty in explaining to the society. Joseph must have had to face the cynical looks and sarcastic comments of his friends and neighbours. He could not even provide a comfortable place for Mary's delivery, not to mention the tiresome journey from Nazareth to Bethlehem. But for the only consolation of having a healthy baby boy, everything else was sorrowful to them. The "GREAT JOY" was nowhere near them.

The wise men who had undertaken a wearisome journey and have strayed into the palace of Herod, must have felt a sense of accomplishment when at last, they found their destination. They might even have felt a slight disappointment having to adore a king in a stable. Finally, they had to escape from Herod through some other long-winded route. We cannot assume that they experienced the ''GREAT JOY''.

Herod, the king, far from being happy, was wary, jealous and suspicious. There is nothing to connect him with the ''GREAT JOY''

We often mistake the ‘joy’ announced by the angel for the joy in the celebration of the birth of a King. But, what the angel announced was a “*joy, which shall be to all people*”. It was not a joy to be experienced at the time of announcement, but something coming later. The joy was not for the few people connected with the birth incident, but a joy for all the people of the world. What then, was the ‘GREAT JOY’ announced at Christmas?

It was the joy of victory over the arch enemy of humanity and of God. It was the joy of release for the human race from the cruel bondage of Satan. It was the joy of having created a “New Way” to everlasting happiness, through which, any willing person (all people) can travel, irrespective of caste, colour or creed. What greater joy can we dream of? Amazingly, it was wrought for us by this very Babe in the Manger. Yes, there was a distance of thirty-three and a half years between the announcement at Bethlehem and the event which took place at Calvary. If you have not yet appropriated for yourself this great joy which is meant for “all people”, why wait, why hesitate? It is free! No hidden charges! Accept now, His death on the cross for you. And be a part-taker of this GREAT JOY.

And, if you have already taken possession of this great joy for yourself, common, shout with the heavenly army:

“Glory to God in the Highest!”

# Gift of Boundless Worth
# How is it with us this Christmas?



**Daniel Wellington**

At Christmas time we often say, "God's presence is more important than presents. But the amount of time and effort we spend on shopping for gifts may indicate otherwise. In certain parts of the world, people give gifts on December 6. By doing so, they have the rest of the month to focus on Jesus and the wonder of His birth, God's perfect gift to us.

When we say we want God's presence more than presents from others, perhaps we're being truthful; but how many of us can honestly say that we want God's presence more than His presents.

This gift can be yours if you will believe. Trust Him as Savior and new life receive often. We want gifts from God more than we want God Himself. Presents may make us happy temporarily, but fullness of joy comes only when we remain in a right relationship with God. Thus, God's presence with us is one of His greatest presents to us.

It seems that in a large part, peace is up to us. Romans 12:18 says, "As much as depends on you, live peacefully with all men." This Christmas, let's make peace our gift to the world in which we live as we reflect the Prince of Peace.

John tells us "Grace and truth came through Jesus Christ" (John l: 17). But how does that help? Jesus came that first Christmas to bring God's grace, something that none of us deserve because like Adam we have all sinned. He came to be the Truth (John 14:6) that would bring us back to God. He came to "save His people from their sins" (Matt. 1:21).

As we begin the special month of celebration, why not pass on the gift you've ever received? Share the fact that "the gift of God is eternal life in Christ Jesus" (Rom. 6:23). Remind others that "God so loved the world that He gave His only begotten Son, that whoever believes in Him should not perish but have everlasting life (John 3:16).

The best gift of all is Jesus Christ. "Thanks be to God for His indescribable gift!" (2 Cor.9:15) Mary had much to ponder in her heart on that special night. Now, over 2000 Years later, each of us needs to consider the importance of Jesus' birth and His subsequent death, resurrection, and promise to return.

Look for Jesus in the Manger, on the Cross, Risen from the dead, and in our Hearts. The people walking in darkness have seen a great light (Is. 9:1-2). In fact, God makes it very clear that the Messiah will be the hope of all nations, for He says through Isaiah ….. "I will also make you a light for Gentiles, that you may bring my salvation to the ends of the earth." (Is. 49:6)

Today, God is searching for people who will stand by Him. For if we do our part and work for God, He will do His part and provide our needs. With the promise of God's presence and help in mind, you can move ahead into 2018 with utmost confidence.

Before we move into next year, we may joyfully realize that God meant it when He said, "I will never leave you nor forsake you.' So we may boldly say: 'The Lord is my helper; - I will not fear!' (Heb.13:6).

## വൈ.എഫ്.എഫ്. 5-ാമത് വാർഷികം

എം.എം.ചർച്ച് യംഗ് ഫാമിലി ഫെലോഷിപ്പിന്റെ 5-ാമത് വാർഷികാഘോഷം ഒക്ടോബർ മാസം 29-ാം തീയതി വൈകുന്നേരം ടി.ജെ.എം.ഹാളിൽ വച്ച് റവ.ഡി. ജേക്കബ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. മഹായിടവക ബോർഡ് ഫോർ മിഷന്റെ ഡയറക്ടറായിരിക്കുന്ന ഡോ. പ്രിൻസ്റ്റൻ ബെൻ അച്ചൻ ഉത്ഘാടന കർമ്മം നിർവഹിക്കുകയും മുഖ്യസന്ദേശം നൽകുകയും ചെയ്തു. റവ. എൻ.എൽ. പ്രവീൺ മൊമന്റോ നൽകി ഡോ. പ്രിൻസ്റ്റൻ അച്ചനെ ആദരിച്ചു. റവ. വൈ. വിജയദാസ്, റവ. റോഹൻ പി. എന്നിവർ സന്നിഹിത രായിരുന്നു. പ്രസ്തുത യോഗത്തിൽ 2017-ലെ ബൈബിൾ ക്വിസിന് സമ്മാനാർ ഹരായവർക്കും പങ്കെടുത്തവർക്കും 2017-ലെ കുട്ടികൾക്കായുള്ള ബൈബിൾ ആക്റ്റിവിറ്റി മത്സരത്തിൽ സമ്മാനാർഹരായവർക്കും പങ്കെടുത്തവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. സെക്രട്ടറി 2017-ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കുട്ടികളും മുതിർന്നവരും കലാവാസനകൾ അവതരിപ്പിച്ചു. മി. അരുൺമാത്യു, പ്രൊഫ. പ്രിയ ജോയ് എന്നിവർ കൺവീനേഴ്സായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. വൈ.എഫ്.എഫിനെ കഴിഞ്ഞ 5 വർഷം അത്ഭുതകരമായി നടത്തിയ ദൈവത്തെ സ്തുതിക്കുന്നു.

സെക്രട്ടറി,

**വൈ.എഫ്.എഫ്.**

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **Book of Ezra (NIV), chapters 1 to 10.** Kindly, read these chapters before attempting the quiz. These nine chapters gives details about kings who were righteous before God and some who were unrighteous and how they were rewarded according to their deeds.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible, kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before 14th of the month at the CSI MM Church Office or email us at **churchvoicequiz@gmail.com**

---

1. Who was the son of Seraiah?
2. "He has appointed me to build a temple for Him at Jerusalem in Judah." Who said this?
3. When was the temple completed?
4. Who pulled hair from his head and beard?
5. How many descendants of Asaph were among the singers?
6. Who wept aloud when they saw the foundation of the new temple being laid?
7. To whom did Tattenai write a letter?
8. Which commanding officer wrote a letter against Jerusalem to Artaxerxes the king?
9. At which place did Ezra declare a fast?
10. Who was the father of Jahzeiah?

---

The correct answers to the quiz from II Chronicles 28 to 36

1. King Hezekiah 31:4
2. Eight 34:1
3. The army commanders of the king of Assyria 33:11
4. Manasseh 33:6
5. King Josiah 35:18
6. 14 days 30:21-23
7. Ahaz 28:7
8. An angel sent by the LORD 32:21
9. Eliakim 36:4
10. King Hezekiah 29:3

---

List of people who had submitted the right answers (along with the reference)

1. E. H. Helen Saramma
2. Vathsala Lal
3. Shireen Evangeline Ross
4. Jolly Irene G.
5. Lilora P. R.
6. Meehal Godwin
7. Nirmala Lal Jayakumar
8. Premila Janelet Sylam
9. Nesakumari Davidson
10. Sujana Satish
11. Latha Job
12. Mahil Ajith

List of people with all right answers except one (Kindly read and re-read the questions and portion)

1. Grace Ammal V.
2. Lily Prasad
3. Soben S. L.
4. Reuben S. L.

# ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ

## ഡിസംബർ 2017 – എസ്രാ 1–10

1. സെരായാവിൻെറ മകൻ?
2. "യെഹൂദായിലെ യെരൂശലേമിൽ അവന് ഒരു ആലയം പണിവാൻ എന്നോട് കല്പിച്ചുമിരിക്കുന്നു" എന്നു പറഞ്ഞതാര്?
3. ആലയം പണിതുതീർന്നതെപ്പോൾ?
4. തൻെറ തലയിലും താടിയിലുമുള്ള രോമം വലിച്ചു പറിച്ചതാര്?
5. സംഗീതക്കാരായ ആസാഫ്യർ എത്ര പേർ?
6. ആലയത്തിൻെറ അടിസ്ഥാനം ഇട്ട് കണ്ടപ്പോൾ ഉറക്കെ കരഞ്ഞുപോയതാര്?
7. തത്നായി, പത്രിക എഴുതി അയച്ചതാർക്ക്?
8. യെരൂശലേമിനു വിരോധമായി അർത്ഥഹ്ശഷ്ടാരാജാവിനു ഒരു പത്രിക എഴുതി അയച്ച ധർമ്മാദ്ധ്യക്ഷൻ ആര്?
9. എസ്രാ ഒരു ഉപവാസം പ്രസിദ്ധപ്പെടുത്തിയത് എവിടെവച്ച്?
10. യഹ്സെയാവിൻെറ പിതാവ്?



CEYF Anniversary



YFF Anniversary

# C.S.I. MATEER MEMORIAL CHURCH, TRIVANDRUM

Phone: 2311347

## PROGRAMME FOR CHRISTMAS SEASON - 2017

| | | |
|---|---|---|
| From 27-11-2017 To 21-12-2017 | 6:15 pm | Carol Singing |
| 03-12-2017, Sunday | 6:00 am<br>7:00 am<br>8:30 am | Malayalam Service<br>Tamil Service<br>Combined Service - Church Day<br>Baptism \| Confirmation<br>Dedication \| Felicitation<br>Communion \| Love Feast |
| 09-12-2017, Saturday | 9:00 am | Noel Fiesta (Harvest Festival) |
| 10-12-2017, Sunday | 6:00 am<br>7:00 am<br>8:30 am<br>10:00 am<br>10:30 am<br>4:15 pm<br>6:00 pm | Malayalam Service<br>Tamil Service<br>Malayalam Service<br>Harvest Festival Continues<br>English Service<br>Malayalam Service<br>CEYF - Christmas Song Service |
| 16-12-2017, Saturday | 3:00 pm – 6:00 pm | Aid to Poor & Needy |
| 17-12-2017, Sunday | 6:00 am<br>7:00 am<br>8:30 am<br>10:30 am<br>4:15 pm | Malayalam Service<br>Tamil Service<br>Malayalam Service<br>English Service<br>Malayalam Service |
| 23-12-2017, Saturday | 7:30 am<br>4:00 pm – 6:00 pm<br>6:00 pm | Gnanabharanam Memorial Sports Competition<br>Manger & Christmas Tree Competition<br>Combined Christmas Celebrations |
| 24-12-2017, Sunday | 6:00 am<br>7:00 am<br>8:30 am<br>10:30 am<br>4:15 pm<br>6:00 pm | Malayalam Service<br>Tamil Service<br>Malayalam Service<br>English Service<br>Malayalam Service<br>Christmas Eve Service<br>Christmas Carol Singing: Church Choir |
| 25-12-2017, Monday | 8:30 am<br>3:00 pm | Christmas Service (Combined)<br>Christmas Tree Celebration (BCL & JCF Anniversary) |
| From 27-12-2017 To 30-12-2017 | | Year End House Visit & Prayer |
| 31-12-2017, Sunday | 6:00 am<br>7:00 am<br>8:30 am<br>10:30 am<br>4:15 pm<br>10:30 pm | Malayalam Service<br>Tamil Service<br>Malayalam Service<br>English Service<br>Malayalam Service<br>Year End Service |
| 01-01-2018, Monday | 7:00 am | New Year Service |

**All Church Members are requested to participate in these programmes**


**Rev. D. Jacob**
Presbyter-in-charge

Rev. Y. Vijayadas | Rev. N L. Praveen Raj | Rev. Rohan P.
Presbyters

Prof. Oliver A. Maison
Church Secretary

Er. C L. Lal
Church Accountant